പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4511 — 21.03.2018 ൽ മറുപടിക്ക്

## ആദിവാസി യുവാവ് ചികിത്സ ലഭിക്കാതെ മരിക്കുവാനിടയായ സാഹചര്യം

| | ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇരിട്ടി കുട്ടപ്പുഴ വേരട്ടയിലെ നരിമട കോളനിയിലെ രാജു എന്ന ആദിവാസി യുവാവ് ചികിത്സ ലഭിക്കാതെ തലശ്ശേരി സർക്കാർ ആശുപത്രിയിൽ മരക്കുവാനിടയായ സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ;വ്യക്തമാക്കമോ; | (എ) | കണ്ണൂർ ജില്ല മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൽ തലശ്ശേരി ജനറൽ ആശുപത്രിയിലെ ഡോക്ടർമാരിൽ നിന്നോ ജീവനക്കാരിൽ നിന്നോ കൃത്യവിലോപം എന്തെങ്കിലും ഉള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | മൃതദേഹം ആറ് മണിക്കൂറോളം ബന്ധപ്പെട്ടവരാരും തിരിഞ്ഞുനോക്കാതെ ആശുപത്രി വാർഡിൽ കിടത്തിയ സംഭവം അന്വേഷണവിധേയമാക്കുമോ; | (ബി) | അന്വേഷണം നടത്തിയിട്ടുണ്ട്. ബന്ധുക്കൾ വരുന്നുണ്ട്, 09.00 മണി ആകുമ്പോഴേക്കും കൊണ്ടുപോകാം എന്ന് രാജുവിന്റെ കൂട്ടിരിപ്പുകാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് മോർച്ചറിയിലേക്ക് കൊണ്ടു പോകാതെ മൃതദേഹം വാർഡിൽ വക്കുവാനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്. |
| (സി) | ചികിത്സ ലഭിക്കാതെ ആദിവാസികൾ മരിക്കുന്ന സാഹചര്യം സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ ആശുപത്രികളിൽ എത്തുന്ന എല്ലാവർക്കും മതിയായ ചികിത്സ ലഭ്യമാക്കാറുണ്ട്. മരണപ്പെടുന്നവരിൽ എല്ലാ ജാതിമത വിഭാഗങ്ങളിലും പെട്ടവർ ഉൾപ്പെടുന്നു. ചികിൽസാ കാര്യത്തിൽ ദുർബല ജനവിഭാഗങ്ങൾക്കും വിശിഷ്യാ ആദിവാസികൾക്കും പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും മുന്തിയ പരിഗണന നൽകുന്നതിനും അവരെ മുഖ്യധാരയിൽ നിലനിർത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ